# പ്രസ്സ് റിലീസ്

**വിഷയം -** കടലാസ് രഹിത ഇ-ഗവേണൻസ് പദ്ധതിയുടെയും ഡിജിറ്റൽ ലോക്കറിന്റെയും ത്വരിത ഗതിയിലുള്ള നടപ്പിലാക്കൽ - സംസ്ഥാന തല ഏകദിന ശില്പശാല

നാഷണൽ ഇ-ഗവേണൻസ് ഡിവിഷന്റെയും കേന്ദ്ര വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെയും നേതൃത്വത്തിലുള്ള കടലാസ് രഹിത ഇ-ഗവേണൻസ് പദ്ധതിയുടെയും ഡിജിറ്റൽ ലോക്കറിന്റെയും ത്വരിത ഗതിയിലുള്ള നടപ്പിലാക്കൽ - എന്ന ഒരു സംസ്ഥാന തല ഏകദിന ശില്പശാല 2017 മാർച്ച് മാസം 24-ാം തീയതി, കേരള സംസ്ഥാന ഐടി മിഷൻ സംഘടിപ്പിക്കുന്നു.

**സ്ഥലം** : Fortune Hotel The South Park, Near University College, Palayam, Thiruvananthapuram

**തീയതി** : 24-03-2017

**സമയം** : 9:15 AM to 5:15 PM

ഇന്ത്യയിലെ എല്ലാ തലത്തിൽപ്പെടുന്ന ജനസമൂഹങ്ങളെയും ഡിജിറ്റലായി ശാക്തീക്കരിക്കുകയും അതിലൂടെ രാജ്യത്തെ സമ്പത്ത് വ്യവസ്ഥയെ തന്നെ പ്രബലപ്പെടുത്തുകയും ചെയ്യുക എന്ന പ്രമുഖമായ ഉദ്ദേശത്തോടുകൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഡിജിറ്റൽ ഇന്ത്യ.

നേരിട്ട് സർട്ടിഫിക്കറ്റുകളും, ഔദ്യോഗിക രേഖകളും പരിശോധിക്കുന്നത് ഒഴിവാക്കികൊണ്ട് പൊതുജനങ്ങളുടെ സർട്ടിഫിക്കറ്റുകളും, ഔദ്യോഗിക രേഖകളും ഡിജിറ്റൽ രീതിയിൽ പരിശോധിച്ച് നല്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമാണ് ഡിജിറ്റൽ ലോക്കർ. ഒരു ഇന്ത്യൻ പൌരന് ഡിജിറ്റൽ ലോക്കർ അക്കൌണ്ട് ലഭ്യമാകുമ്പോൾ അവരുടെ ആധാർ നമ്പറുമായി ബന്ധിപ്പിക്കപ്പെട്ട ഒരു ഡിജിറ്റൽ സ്റ്റോറേജ് സ്പേസ് ലഭ്യമാകുന്നു. ഒരു സ്ഥാപനം ഡിജിറ്റൽ ലോക്കറിൽ രജിസ്റ്റർ ചെയ്യുമ്പോൾ വ്യക്തികളുടെ സ്വകാര്യ രേഖകളുടെ (അതായത് ഡ്രൈവിംഗ് ലൈസൻസ്, എസ്എസ്എൽസി ബുക്ക്, ഇലക്ഷൻ ഐഡി മുതലായവ) ഡിജിറ്റൽ പകർപ്പ് നേരിട്ട് തന്നെ അതാത് വ്യക്തികളുടെ ഡിജിറ്റൽ ലോക്കറിലേയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കും. ഇതു കൂടാതെ, പൊതുജനങ്ങൾക്ക് അവരുടെ പക്കലുള്ള മറ്റു രേഖകളെയും ഡിജിറ്റൽ ലോക്കറിൽ സൂക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഔദ്യോഗിക രേഖകളെ ഇ-സൈൻ സംവിധാനം വഴി ഇലക്ട്രോണിക് ഒപ്പോടുകൂടി സൂക്ഷിക്കാവുന്നതാണ്.

ഡിജിറ്റൽ ലോക്കർ സംവിധാനത്തിലേയ്ക്ക് മാറുന്നതിലൂടെ സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, പരീക്ഷാ ബോർഡുകൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന സാധ്യതകളെ കുറിച്ചു അവരെ ബോധവാന്മാരാക്കുക എന്നതാണ് ഈ ഏകദിന ശില്പശാല കൊണ്ടു ഉദ്ദേശിക്കുന്നത്.